# ഭൂതത്താൻക്കെട്ട് പാർക്ക് ശുചീകരിച്ച് വിദ്യാർഥികൾ

വാഴക്കുളം: ലോക വിനോദസഞ്ചാര ദിനത്തോടനുബന്ധിച്ച് ഡി.റ്റി.പി.സി.യുടെ നേതൃത്വത്തിൽ ഭൂതത്താൻക്കെട്ട് ഡാമിന് സമീപമുള്ള പാർക്ക് വൃത്തിയാക്കി വാഴക്കുളം വിശ്വജ്യോതി കോളജിലെ എൻ.എസ്.എസ്. വോളണ്ടിയർമാർ.

കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് അംഗം ലിസി ഔസേപ്പച്ചൻ ഉദ്ഘാടനം ചെയ്തു. പിണ്ടിമന പഞ്ചായത്ത് രണ്ടാം വാർഡ് അംഗവും പങ്കെടുത്തു. പാർക്കിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് നീക്കം ചെയ്തും പുതുതലമുറക്ക് പരിസര, പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചുള്ള അറിവുകൾ പകർന്നു നൽകിയുമാണ് ദിവസേന നൂറ് കണക്കിന് വിനോദസഞ്ചാരികൾ വന്നുപോകുന്ന ഭൂതത്താൻക്കെട്ട് പാർക്ക് ശുചീകരണം പൂർത്തീകരിച്ചത്.



● ലോക വിനോദസഞ്ചാര ദിനത്തോടനുബന്ധിച്ച് ഭൂതത്താൻക്കെട്ട് പാർക്ക് വൃത്തിയാക്കുന്ന വാഴക്കുളം വിശ്വജ്യോതി എൻജിനിയറിങ് കോളജിലെ എൻ.എസ്.എസ്. വോളണ്ടിയർമാർ.

# നിർമലയിൽ സെമിനാർ

മൂവാറ്റുപുഴ: ആസാദി കി അമൃത് മഹോത്സവുമായി ബന്ധപ്പെട്ട് മൂവാറ്റുപുഴ നിർമല കോളജ് ഹിന്ദി വിഭാഗം സംഘടപ്പിച്ച ഏകദിന സെമിനാർ ഹിന്ദി നിരൂപകൻ പ്രഫ. ഡോ. ശംഭുനാഥ് ഉദ്ഘാടനം ചെയ്തു. പ്രാദേശിക, ദേശീയ, ആഗോള ചിന്തകളെ അടിസ്ഥാനമാക്കിയുള്ളതാകണം ഭാരതീയതയെന്ന ആശയം എന്നും അദ്ദേഹം വ്യക്തമാക്കി. സെൻട്രൽ യൂണിവേഴ്സിറ്റി കേരളയിലെ ഡോ. സീമ ചന്ദ്രൻ ഭാഷാസാഹിത്യ പഠനത്തിന്റെ പ്രസക്തിയെ കുറിച്ച് പ്രഭാഷണം നടത്തി. പ്രിൻസിപ്പൽ ഡോ.